**പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3152 13/10/2011-ൽ മറുപടിയ്ക്ക്

<u>ചെറായി-ചാത്തനാട് ഫിഷ്ബൗണ്ട് റോഡിൽ പാലങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
|---|---|
| വൈപ്പിൻ മണ്ഡലത്തിലെ ആർ.കെ. വി.വൈ പദ്ധതിയിലുൾപ്പെട്ട ചെറായി-ചാത്തനാട് ഫിഷ്ബൗണ്ട് റോഡിൽ നിർമ്മിക്കേണ്ടതായ രണ്ട് പാലങ്ങളുടേയും, പത്ത് കൽവർട്ടുകളുടേയും നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാവും എന്ന് വ്യക്തമാക്കാമോ ? | ആർ.കെ.വി.വൈ (രാഷ്ട്രീയ കൃഷിവികാസ് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ചെറായി - ചാത്തനാട് ഫിഷ് ഫാം ഔട്ടർ ബണ്ട് നിർമ്മാണം പുരോഗമിച്ചുവരുന്നു. നിർദ്ദിഷ്ട ബണ്ടിലേക്ക് ഇടയ്ക്കു നിന്ന് പ്രവേശന മാർഗ്ഗങ്ങളില്ലാത്തതിനാൽ പുറംബണ്ട് പണി പുരോഗമിക്കുന്നതനുസരിച്ചു മാത്രമേ പാലങ്ങളുടെയും കൽവർട്ടുകളുടേയും നിർമ്മാണം ആരംഭിക്കാൻ കഴിയു. പുറംബണ്ട് പണി നല്ല നിലയിൽ പുരോഗമിക്കുന്നു. എഗ്രിമെൻറ് നം. 56/10-11/HECC തീയതി 21.01.11 എന്ന , കരാർ പ്രകാരം എഗ്രിമെന്റ് വച്ചിട്ടുള്ള പ്രവൃത്തി നിർമ്മാണ കാലയളവായ 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ.